**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 396** **23-06-2026-ൽ മറുപടിയ്ക്ക്**

**വിവരസാങ്കേതിക മേഖലയിലെ പോരായ്മകളുടെ പരിഹാരം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** 2016- 2026 കാലഘട്ടത്തിൽ ഐ.ടി മേഖലയിൽ ആശാവഹമായ നേട്ടങ്ങൾ ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** 2016-26 കാലഘട്ടത്തിൽ ഐടി മേഖലയിൽ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പ്രസ്തുത കാലയളവിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

1. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ ആന്റ് ടെക്നോളജി

2. ഡിജിറ്റൽ സയൻസ് പാർക്ക്

3. കെസ്പേസ്

4. ഗ്രാഫീൻ അറോറ

5. ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ

6. ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി

7. സെന്റർ ഫോർ എക്സലൻസ്

8. സ്മാർട്ട് ഡാറ്റ സെന്റർ

9. കണ്ണൂർ, കൊല്ലം, ഐടി പാർക്കുകൾ

10. ഡിജിറ്റൽ ടെക്നോളജി മിഷൻ

11. ഫ്യൂച്ചർ കോർപ്പറേഷൻ

**(ബി)** രാജ്യത്തെ ആദ്യത്തെ ഐ.ടി. പാർക്കായ ടെക്നോപാർക്ക് നിലവിൽ വന്ന കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഐ.ടി വ്യവസായത്തിലും തൊഴിൽ മേഖലയിലും പുറകിലാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ ടെക്നോപാർക്കിൽ 540-ലധികം കമ്പനികൾ പ്രവർത്തിച്ചു വരികയും ഏകദേശം 84,000 ഐടി പ്രൊഫഷണലുകൾ തൊഴിൽ ചെയ്യുകയും ചെയ്യുന്നു. ടെക്നോപാർക്കിൽ ഇതുവരെ 13.147 ദശലക്ഷം ചതുരശ്ര അടി (Million Sq. Ft.) നിർമ്മിത വിസ്തീർണം വികസിപ്പിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിൽ നിന്നുള്ള സോഫ്റ്റ്‌വെയർ കയറ്റുമതി ₹14,575 കോടി രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ ടെക്നോപാർക്കും കേരളത്തിലെ മറ്റ് ഐടി പാർക്കുകളും ചേർന്ന് സംസ്ഥാനത്തെ ഐടി പാർക്ക് ആവാസവ്യവസ്ഥയെ ദേശീയ-അന്തർദേശീയ തലങ്ങളിൽ കൂടുതൽ പ്രചാരത്തിലേക്ക് കൊണ്ടുവരുന്നതിനായി അന്താരാഷ്ട്ര പ്രോപ്പർട്ടി കൺസൾട്ടന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തൽ, ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ (GCC) സ്ഥാപിക്കൽ, ലീഡ് ഐ ടി സ്ട്രാറ്റജിസ്റ്റിന്റെ സേവനം പ്രയോജനപ്പെടുത്തൽ എന്നിവയോടൊപ്പം ശക്തമായ ഇൻ-ഹൗസ് മാർക്കറ്റിംഗ് സംവിധാനവും വിനിയോഗിച്ചുവരുന്നു.

2004-ൽ ഇൻഫോപാർക്ക് ആരംഭിച്ച ശേഷം ഇൻഫോപാർക്കിൽ അതിന്റെ നിർമിത വിസ്തീർണം 92.62 ലക്ഷം ചതുരശ്ര അടിയിൽ എത്തുകയും നിലവിൽ 73500 നേരിട്ടുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ് തിട്ടുണ്ട്. ഫേസ് 2ൽ 1,200 കോടി രൂപ നിക്ഷേപത്തിൽ UST Globel നിർമ്മിക്കുന്ന പുതിയ ക്യാമ്പസ് ,വേൾഡ് ട്രേഡ് സെന്റർ 3, ലുലു ടവർ ഇൻഫോപാർക്ക് ഫേസ് 2, ജിയോജിത് ക്യാമ്പസ്, ജിയോൺഎയർ, പടിയത്ത്, മുത്തൂറ്റ് IT കെട്ടിടം തുടങ്ങിയ പദ്ധതികൾ പുരോഗമിക്കുകയാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 38 ലക്ഷം ചതുരശ്ര അടി അധിക ഐ.ടി. സ്പേസും 38,000 പുതിയ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഇൻഫോപാർക്കിന്റെ നാലാം ഘട്ടമായി 40 ലക്ഷം ചതുരശ്ര അടി നിർമിത വിസ്തീർണം വരുന്ന ഒരു ക്യാമ്പസ് പദ്ധതിയും ആസൂത്രണത്തിലാണ്. ഇൻഫോപാർക്കിന്റെ പുതിയ സംരംഭം ആയ 'ഐ ബൈ ഇൻഫോപാർക്ക്' കോവർക്കിങ് ഓഫീസ് 48000 ചതുരശ്ര അടിയിൽ 580 പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ശേഷിയോടുകൂടി എറണാകുളം സൗത്ത് മെട്രോ സ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ അന്താരാഷ്ട്ര കമ്പനികളുടെ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (GCC) ആകർഷിക്കുന്ന ഹബ്ബായി കൊച്ചിയെ രൂപപ്പെടുത്തുന്നതിനും പദ്ധതികൾ രൂപപ്പെടുത്തി വരുന്നു.

നിലവിൽ സൈബർ പാർക്കിൽ 82 ഓളം ഐ ടി കമ്പനികൾ പ്രവർത്തിച്ചു വരികയും ഏകദേശം 2300 ഐടി പ്രൊഫഷണലുകൾ തൊഴിൽ ചെയ്യുകയും ചെയ്യുന്നു. സൈബർ പാർക്കിൽ ഇതുവരെ 3 ലക്ഷം ചതുരശ്ര അടി ഏരിയ ആണ് ഉള്ളത്.

2024-25 സാമ്പത്തിക വർഷത്തിൽ സൈബർ പാർക്കിൽ നിന്നുള്ള സോഫ്റ്റ്‌വെയർ കയറ്റുമതി ₹130 കോടി രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂരും കൊല്ലത്തും പുതിയ ഐ ടി പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ഈ മേഖലയിൽ വളർച്ച കൈവരിക്കാനുള്ള ശ്രമം സ്വീകരിച്ചുവരുന്നു.

**(സി)** കേരളീയരായ നിരവധി ഐ.ടി പ്രൊഫഷണലുകൾ മെച്ചപ്പെട്ട തൊഴിൽ തേടി വിദേശത്തേക്കും അന്യസംസ്ഥാനങ്ങളിലേക്കും പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ലോകമെമ്പാടും ജോലി ചെയ്യുന്ന മലയാളി ഐടി പ്രൊഫഷണലുകളെ അവരുടെ കരിയർ കെട്ടിപ്പടുക്കുന്നതിനായി കേരളത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനായി കേരള സ്റ്റാർട്ടപ് മിഷന്റെ നേതൃത്വത്തിൽ 'തിരികെ' എന്ന പേരിൽ ഒരു ഹോം കമിംഗ് ക്യാമ്പയിൻ നടത്തി വരുന്നു

**(ഡി)** ഐ.ടി പ്രൊഫഷണലുകൾക്ക് മെച്ചപ്പെട്ടതും ഉയർന്ന നിലവാരമുള്ളതുമായ തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് ഐടി ആവശ്യത്തിനായി കൂടുതൽ ഭൂമിയും ഐടി സ്പേസുകളും ലഭ്യമാക്കുകയും അനുബന്ധ സാമൂഹ്യ പശ്ചാത്തല വികസനം നടപ്പാക്കുകയും ചെയ്തുകൊണ്ട് ഐടി നിക്ഷേപം കൂടുതൽ ആകർഷമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ലോകമെമ്പാടും ജോലി ചെയ്യുന്ന മലയാളി ഐടി പ്രൊഫഷണലുകളെ അവരുടെ കരിയർ കെട്ടിപ്പടുക്കുന്നതിനായി കേരളത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനായി കേരള സ്റ്റാർട്ടപ് മിഷന്റെ നേതൃത്വത്തിൽ 'തിരികെ' എന്ന പേരിൽ ഒരു ഹോം കമിംഗ് ക്യാമ്പയിൻ നടത്തി വരുന്നു. 2026 ലെ സർക്കാരിന്റെ പുതിയ ഐടി പോളിസി പ്രകാരം സ്വകാര്യ മേഖലയിലും പബ്ളിക് പ്രൈവറ്റ് പാർട്ണർഷിപ്പിലും ഐടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾസ്വീകരിച്ചു വരുന്നു. കൂടാതെ, പ്രൈവറ്റ് ഐടി കമ്പനികളെ സർക്കാർ ഐടി പാർക്കുകളുമായി അഫിലിയേറ്റ് ചെയ്യുന്നതിനുള്ള അഫിലിയേറ്റ് പ്രോഗ്രാം, അന്താരാഷ്ട്ര പ്രോപ്പർട്ടി കൺസൾട്ടന്റുമാർ മുഖേന കമ്പനികളെ ആകർഷിക്കൽ, ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ (GCC) സ്ഥാപിക്കൽ എന്നിവ വഴി സംസ്ഥാനത്ത് ഐടി മേഖലയിൽ ഉയർന്ന നിക്ഷേപവും അതുവഴി മെച്ചപ്പെട്ടതും ഉയർന്ന നിലവാരമുള്ളതുമായ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു

**സെക്ഷൻ ഓഫീസർ**